നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് പറഞ്ഞ് ഞാൻ സബ്മിഷൻ അവതരിപ്പിച്ചു. ഈ കാര്യത്തിൽ വളരെ ഗൗരവമായ ചർച്ചയുടെ ആവശ്യമുണ്ട്. എന്തായാലും ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് മാറ്റണം. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പരിശോധനാ സമിതി ഉണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിച്ചിരിക്കുകയാണ്. പരിശോധന വേണ്ടത് പി. എസ്. സി.-ക്കല്ല. വകുപ്പു മേധാവികൾക്കാണ്. അത് പരിശോധിക്കാൻ വേണ്ടിയാണ് സമിതി ഉണ്ടാകേണ്ടത്. എന്റെ ബില്ലിന്റെ പേരും അതാണ്, 2003-ലെ സർക്കാർ വകുപ്പുതല ഒഴിവുകൾ (യഥാസമയം നികത്തുന്നതിന്) പരിശോധനാ സമിതി ബിൽ. അത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം.

(ചർച്ച തുടരും)

6. 2003-ലെ കേരളാ ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2003-ലെ കേരളാ ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തെ എതിർക്കുകയാണ്. കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന ഓട്ടോമൊബൈൽ തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ഉണ്ടാക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പറുടെ ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം. എന്നാൽ ഓട്ടോമൊബൈൽ തൊഴിലാളികൾക്ക് നിലവിലുള്ള ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിൽ ഒരു ക്ഷേമ പദ്ധതി രൂപീകരിക്കാനുള്ള കരട് തയ്യാറാക്കി വരുന്നു. കേരളാ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി, 2003 എന്നാണ് ഈ പദ്ധതിക്ക് പേരിട്ടിരിക്കുന്നത്. നാലുചക്ര, മുച്ചക്ര, ഇരുചക്ര വാഹന വർക്ക്ഷാപ്പുകൾ, ഓട്ടോ ഇലക്ട്രിക് വർക്ക്ഷാപ്പുകൾ, സ്പ്രേ പെയിന്റിംഗ് വർക്ക്ഷാപ്പുകൾ, ടയർ റീട്രെഡിംഗ് ഷോപ്പുകൾ, സർവ്വീസ് സ്റ്റേഷൻ തുടങ്ങി മോട്ടോർ വാഹനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വർക്ക്ഷാപ്പുകൾക്കും അതിലെ തൊഴിലാളികൾക്കും ഈ പദ്ധതി ബാധകമായിരിക്കും. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ഓട്ടോമൊബൈൽ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ക്ഷേമനിധിയുടെ ഗുണഭോക്താക്കളാകാമെന്നുള്ളതുകൊണ്ട് പുതുതായി ഇത്തരം ഒരു ബില്ലിന് പ്രസക്തിയില്ലായെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: നമ്മുടെ ബഹുമാന്യനായ മന്ത്രി എല്ലാ സ്വകാര്യ മെമ്പർമാരുടെ ബില്ലുകളുടേയും കഴുത്തറക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എത്ര നവീനമായ ആശയം ഇവിടെ അവതരിപ്പിച്ചാലും രക്ഷയില്ല. ഫ്രഞ്ച് വിപ്ലവ കാലത്ത് കൂടുതൽ ആളുകളെ കൊലചെയ്യുന്നതിനുവേണ്ടി കണ്ടു പിടിച്ച ഒരു ഉപകരണമാണ് ഗില്ലറ്റിൻ. അതുപോലെ നല്ല ആശയങ്ങൾ എത്ര കൂടുതലായി മെമ്പർമാർ മുന്നോട്ടുവച്ചാലും അതെല്ലാം മുളയിലേ നുള്ളിക്കളയുന്നത് ഖേദകരമാണ് എന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

ശ്രീ. എം. എം. ഹസ്സൻ: അങ്ങ് ഈ ബില്ലിൽ ഉദ്ദേശിക്കുന്ന ആശയം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഒരു പുതിയ പദ്ധതി കൊണ്ടുവരുന്നുവെന്ന് പറഞ്ഞാൽ അത് കഴുത്തറുക്കലെന്നാണോ അർത്ഥം? അങ്ങയുടെ ഉദ്ദേശ്യം അംഗീകരിച്ച് ഗവൺമെന്റ് പദ്ധതി കൊണ്ടുവരികയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അങ്ങിനെ പറഞ്ഞിട്ടുള്ളത് പലതും നടപ്പിലാക്കാത്തതിനെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. 31-3-2002-ൽ കേരളാ മോട്ടോർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ കയ്യൊപ്പുവച്ച് എനിക്ക് തന്നിട്ടുള്ള കണക്ക് അനുസരിച്ച് കേരളമൊട്ടാകെ 23,15,372 ഓട്ടോമൊബൈലുകളുണ്ട്. 1,46,719 ഫോർ വീലറുകൾ, 37,457 ത്രീ വീലറുകൾ, സ്റ്റേജ് കാര്യേജുകൾ 26,899, കോൺട്രാക്ട് കാര്യേജും ഓമ്നി ബസും 45,067, കാറുകൾ 3,05,887, ടാക്സികൾ 82,236, ജീപ്പുകൾ 70,212, ഓട്ടോറിക്ഷ 2,65,767, മോട്ടോർ സൈക്കിൾ റിക്ഷ 63, മോട്ടോർ സൈക്കിൾസ് 1124, ടു വീലറുകൾ 12,89,035, ട്രാക്ടർ ആർട്ടിക്കുലേറ്റഡ് വെഹിക്കിൾ 8459, ടില്ലർ 4979, ട്രെയിലർ 1771, മറ്റ് വാഹനങ്ങൾ 29,697. ഇത്രയും വാഹനങ്ങൾ ഇവിടെയുണ്ട്. ഇതിൽ 12,89,035 വരുന്ന ടു വീലറുകൾ ഒഴിച്ചാൽ ബാക്കി വാഹനങ്ങളെല്ലാം തൊഴിലാളികളാൽ പ്രവർത്തിപ്പിക്കപ്പെടുകയാണ്. ഈ കണക്ക് അനുസരിച്ച് ഈ രംഗവുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളുടേയും എണ്ണം 30 ലക്ഷത്തോളം വരും, ഇത് പറയുമ്പോൾ ഭഗവാൻ ശ്രീകൃഷ്ണനെക്കുറിച്ച് ഓർക്കാതിരിക്കാൻ കഴിയുകയില്ല. ഭഗവാൻ ശ്രീകൃഷ്ണൻ കുരുക്ഷേത്ര യുദ്ധകാലത്ത് അർജ്ജുനന്റെ ആദ്യത്തെ ഹോഴ്സ് വാഗൺ ഓടിച്ച് ഒരു ഡ്രൈവർ എന്നുള്ള നിലയ്ക്ക് കഴിവു തെളിയിച്ച് ചരിത്രത്തിൽ സ്ഥാനം നേടിയിട്ടുള്ളത് ഞാൻ സ്മരിക്കുകയാണ്. യക്ഷന്മാരും ഗന്ധർവ്വന്മാരും മാലാഖമാരും ഇങ്ങനെ സഞ്ചരിക്കുന്നതായി പുരാണങ്ങളിൽ പറയുന്നു. വൈസ്രവണനാണെങ്കിൽ വിമാനം പോലും ഉണ്ടായിരുന്നു. അതാണ് രാവണൻ റാഞ്ചിയത്. വാഹനങ്ങളെക്കുറിച്ച് ചരിത്രാതീത കാലം മുതലേ വിവരിക്കുന്നുണ്ട്. ഇന്ന് ഈ ഉരുളുന്ന ചക്രങ്ങൾക്ക് മുകളിലിരുന്ന് ഒരു പുരുഷായുസ്സ് മുഴുവനുംകൊണ്ട് നമ്മൾ ലക്ഷക്കണക്കിന് മൈലുകളാണ് സഞ്ചരിക്കുന്നത്. ഉലകം ചുറ്റുന്നു എന്ന് പറഞ്ഞതുപോലെ പലരും ഇവിടെ മണിക്കൂറുകൾ വച്ച് ലണ്ടനിൽ ലഞ്ച്, ബോംബെയിൽ ഡിന്നർ, പിറ്റേന്ന് സിങ്കപ്പൂരിൽ ബ്രേക്ക് ഫാസ്റ്റ് എന്നൊക്കെ പറഞ്ഞ് സഞ്ചരിക്കുന്നതെല്ലാം വാഹനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലൂടെയാണ്. അപ്പോൾ താഴെ തട്ടിലുള്ള വർക്ക്ഷാപ്പുകളിലും മറ്റും പണി യെടുക്കുന്നവർക്ക് അവരുടെ കരിപുരണ്ട ജീവിതങ്ങളിലെ അവരുടെ കരിന്തിരി കത്തുന്ന ഭവനങ്ങളിൽ അവർക്ക് കണ്ണീർ ഒപ്പുന്നതിനുവേണ്ടിയാണ് ഞാൻ ഈ ബില്ലിന് ഇവിടെ അവതരണാനുമതി ചോദിച്ചത്. നമുക്കറിയാം 'വണ്ടീ വണ്ടീ നിന്നെപ്പോലെ വയറിലെനിക്കും തീയാണ്' എന്നാണ് ഓരോ വർക്ക്ഷാപ്പുകാരനും ഓരോ ആട്ടോമൊബൈൽ തൊഴിലാളിയും പറയുന്നത്.

ശ്രീ. എ. കെ. മണി: അങ്ങ് ഈ ബിൽ അവതരിപ്പിക്കുമ്പോൾ കൃഷ്ണനേയും രാവണനേയും പറ്റിയൊക്കെ പരാമർശിക്കുകയുണ്ടായി. ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ മാത്രമല്ല, സർവ്വീസ് സ്റ്റേഷനിൽ പണിയെടുക്കുന്നവരും ദുരിതം അനുഭവിക്കുന്ന ആളുകളാണ്. സർവ്വീസ് സ്റ്റേഷനിൽ പണിയെടുക്കുന്ന ആളുകളേക്കൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ അങ്ങ് തയ്യാറാകണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഞാൻ ഈ മേഖലയുമായി ബന്ധപ്പെട്ട സമസ്ത ആളുകളേയും ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. നേരത്തെ മന്ത്രി തന്നെ സൂചിപ്പിച്ചതുപോലെ ഓട്ടോമൊബൈൽ വർക്ക്ഷാപ്പിന്റെ പ്രവർത്തനം നടത്തുന്ന എല്ലാവർക്കും ഇതിന്റെ ആനുകൂല്യം കിട്ടണം എന്ന ഉദ്ദേശ്യത്തിൽത്തന്നെയാണ് ഞാൻ ഇത് അവത രിപ്പിക്കുന്നതിന് അനുമതി ചോദിച്ച ഓട്ടോമൊബൈലിന്റെ കാര്യക്ഷമതയും അതുപോലെത്തന്നെ വർക്ക്ഷാപ്പിന്റെ പ്രവർത്തനക്ഷമതയും ഉറപ്പുവരുത്തുന്ന തിനുവേണ്ടി എല്ലാതരം തൊഴിലാളികൾക്കും അതിന്റെ പ്രയോജനം കിട്ടണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന. രാവിലെ ഇവിടെ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയെക്കുറിച്ച് ചർച്ച നടന്നു. അവിടെയൊക്കെ ട്രേഡ് യൂണിയന്റെ ഒരു അതോറിറ്റി എന്നുള്ള രീതിയിൽ കണ്ടിരിക്കുന്നതുകൊണ്ട് അതിലൊക്കെ ധാരാളം പിഴവുകൾ സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായിട്ട് ഒരു ട്രേഡ് യൂണിയൻ നേതാവിന് ആരെ വേണമെങ്കിലും ഈ നിർമ്മാണ തൊഴിലാളി യൂണിയനിൽ അംഗമാക്കാം. 60 വയസ്സു കഴിഞ്ഞ് പെൻഷൻ കിട്ടേണ്ട ആൾ ജീവിച്ചിരിക്കുന്നു എന്നുള്ള ഒരു സർട്ടിഫിക്കറ്റ് ഒപ്പിടണമെന്ന് പറഞ്ഞ് 40 വയസ്സുള്ള ഒരാൾ എന്റെ മുമ്പാകെ വന്നു. അപ്പോഴാണ് എനിക്ക് ഇതിന്റെ തട്ടിപ്പിനെക്കുറിച്ച് മനസ്സിലായത്. അപ്പോൾ അതേപോലെയുള്ള ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളൊന്നും അസംഘടിതമായ തൊഴിലാളി മേഖല യിൽ ഉണ്ടാകുകയില്ല. ഇപ്പോൾ നിലവിലുള്ള കേരളാ മോട്ടോർ ട്രാൻസ്പോർട്ട് വെൽഫെയർ ഫണ്ടിലും മറ്റും അംഗസംഖ്യ വളരെ കുറവാണ്. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ഈ തൊഴിലുമായി ബന്ധപ്പെട്ടവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: ഈ മേഖലയിൽ ഏതാണ്ട് അഞ്ചു ലക്ഷത്തോളം തൊഴിലാളികളാണുള്ളത്. കഴിഞ്ഞാഴ്ചയിൽ ഞാൻ തന്നെ സബ്മിഷൻ, കൊണ്ടുവന്നു. ഇവിടെ ഒരു സമരം ഉണ്ടായിരുന്നു. അതിന് തൊഴിൽ വകുപ്പു മന്ത്രി മറുപടി പറഞ്ഞു അവർക്ക് ക്ഷേമനിധി ഉണ്ടാക്കാമെന്ന്. അതിനുവേണ്ടി ചർച്ച വിളിച്ചു കൂട്ടാമെന്ന് തൊഴിൽ വകുപ്പുമന്ത്രി പറഞ്ഞു. അങ്ങനെ പ്രത്യേകം നിർദ്ദേശം കൊടുക്കാൻ വേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: നമ്മളെല്ലാം പല തരത്തിലും ചോദ്യങ്ങൾ ചോദിക്കുമ്പോഴും സബ്മിഷൻ അവതരിപ്പിക്കുമ്പോഴും എല്ലാം ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുക്കുന്ന പതിവ് മറുപടികൾ ഇവിടെ വന്ന് ബഹു. മന്ത്രിമാർ വായിക്കാറുണ്ട്. ചിലപ്പോഴൊക്കെ അക്ഷരത്തെറ്റോടുകൂടിയാണ് അത് വായിക്കുന്നത്. ഈ വായന കഴിഞ്ഞാൽ പിന്നെ ഫോളോ അപ് ആക്ഷനില്ല. അസംബ്ലിയിൽ പറയുന്നു എന്നുള്ളതുകൊണ്ട് തന്നെ അതിന് പലപ്പോഴും അർഹിക്കുന്ന ഗൗരവം ലഭിക്കാറില്ല. കഴിഞ്ഞ വർഷം സഭയ്ക്ക് മുമ്പാകെ നൽകിയ ഉറപ്പുപോലും പാലിച്ചിട്ടില്ല. കരയുന്ന കുഞ്ഞിനേ പാലുള്ളൂ എന്നുള്ള നയമാണ് ലോകം ഉണ്ടായ കാലം മുതൽ നിലനിൽക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ തമ്പാനൂർ രവി പറഞ്ഞതുപോലെ ഈ രംഗത്തെ സംഘടിതരായ തൊഴിലാളികൾക്കും അസംഘടിതരായ തൊഴിലാളികൾക്കും ആനുകൂല്യം കിട്ടുന്ന തരത്തിലുള്ള ചർച്ചകളും അതിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങളും എല്ലാം ഗൗരവമായ തരത്തിൽ നടക്കുന്നതിനുവേണ്ടി ഞാൻ വീണ്ടും അത് ആവശ്യപ്പെടുകയാണ്. അതിന് ശക്തമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടാകുമെന്ന മന്ത്രിയുടെ ഉറപ്പ് പാലിക്കപ്പെടും എന്ന വിശ്വാസത്തോടെയാണ് ഞാൻ പ്രമേയം അവതരിപ്പിച്ചത്.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, അദ്ദേഹത്തിന്റെ ഈ ആവശ്യം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ ഇവിടെ മറുപടി പറയുന്നത്. നേരത്തേ തന്നെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഈ പദ്ധതിക്ക് രൂപം കൊടുത്തുകഴിഞ്ഞു. കേരള ഓട്ടോമൊബൈൽ വർക്ക്ഷാപ്പു തൊഴിലാളി ക്ഷേമപദ്ധതി-2003 എന്ന പദ്ധതി. ശ്രീ. പ്രതാപവർമ്മ തമ്പാൻ ഉന്നയിച്ച തൊഴിലാളികൾക്ക് എല്ലാം അതിൽ അംഗങ്ങൾ ആകാവുന്നതാണ്. അതിന്റെ പ്രയോജനം അവർക്ക് പൂർണ്ണമായി ലഭിക്കുന്നതാണ്. തൊഴിൽ വകുപ്പു തയ്യാറാക്കിയ മറുപടി കാബിനറ്റ് അംഗീകരിച്ചതാണ്. ഞാൻ ഈ പറയുന്നതിൽ എന്തെങ്കിലും കൂടുതൽ ഉണ്ടെങ്കിൽ അദ്ദേഹം കൂട്ടിച്ചേർക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പിൻവലിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഓട്ടോമൊബൈൽ വർക്ക്ഷാപ്പ് തൊഴിലാളികൾക്ക് സ്വന്തമായി ഒരു ക്ഷേമനിധി അപ്രായോഗികമാണ്. ഒന്ന് ഇതിന്റെ ചെലവും ഇതിൽ നിന്നും കിട്ടുന്ന വരുമാനവും. സർക്കാർ ഇതിന്റെ ഒരു ഷെയർ കൊടുത്താൽ തന്നെയും പ്രായോഗികമായി അവർക്ക് മാത്രമായി ഒരു ക്ഷേമനിധി നിലനിർത്തുക പ്രയാസമാണ്. അതുകൊണ്ട് ഇപ്പോഴുള്ള ക്ഷേമനിധിക്കകത്ത് അവർക്കു വേണ്ടി ഒരു പ്രത്യേകമായ സ്കീമായിട്ട് ഇത് നടപ്പാക്കാവുന്നതാണ്. വർക്ക്ഷാപ്പ് തൊഴിലാളികളുമായിട്ടും അവരുടെ സംഘടനകളുമായിട്ടും എല്ലാം വിശദമായ ചർച്ചകൾ നടത്തി. ഈ സ്കീം അനുസരിച്ച് ഇപ്പോൾ നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡിൽത്തന്നെ ഓട്ടോറിക്ഷ തൊഴിലാളികളുടെ ഒരു പ്രത്യേക സ്കീം ഉണ്ട്. അതുപോലെ വേറെ ഒരു സ്കീമിലും ഇവർക്ക് വരാൻ കഴിയും. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്സ് എന്ന വിഭാഗത്തിൽ ഒരു ക്ഷേമനിധി പ്രത്യേകമായിട്ടുണ്ട്. അതിൽ 10 ലക്ഷത്തിലധികം തൊഴിലാളികൾ വരുന്നുണ്ട്. കടകളിലും മറ്റ് അനുബന്ധസ്ഥാപനങ്ങളിലും പണിയെടുക്കുന്നവർക്കുള്ളതാണ് ആ ക്ഷേമനിധി. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് എന്നു പറയുന്നത് എസ്റ്റാബ്ലിഷ്മെന്റ് എന്ന് പറയുന്ന കൂട്ടത്തിൽ വേണമെങ്കിൽ ഈ വർക്ക്ഷാപ്പുകളെ ഉൾപ്പെടുത്താം. അത് ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വരുന്നതാണ്. വ്യവസായവുമായി ബന്ധപ്പെട്ടു കിടക്കുന്നത് ആയതുകൊണ്ട് അതിൽ വരുന്നതാണ് നല്ലത് എന്നുള്ളതുകൊണ്ടാണ് അതിന്റെ ഒരു സ്കീം തയ്യാറാക്കിയത്. ഇപ്പോൾ അഡ്വാൻസ് സ്റ്റേജിലാണ്. ഈ സഭ കഴിഞ്ഞാൽപോലും ഓർഡിനൻസായി കൊണ്ടുവരാം എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ബഹുമാന്യനായ മന്ത്രി നൽകിയിരിക്കുന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി പ്രത്യേകമായ ഒരു സ്കീം തയ്യാറാക്കുമെന്നും വിശദമായ ചർച്ച നടത്തുമെന്നും അതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കും എന്നും പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഞാൻ എന്റെ പ്രമേയം പിൻവലിക്കുന്നു.

മി. ഡെ. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

7. 2002-ലെ കേരള സ്വകാര്യ സെക്യൂരിറ്റി തൊഴിലാളി ക്ഷേമനിധി ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly